**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശം- കുടിശ്ശിക ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കുന്നതിനായി ഒരു ഉന്നതതല സ്റ്റീറിംഗ് കമ്മിറ്റി രൂപീകരിച്ചും അവയുടെ പ്രവർത്തനം സംബന്ധിച്ചുള്ള മാർഗ്ഗരേഖ നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1639/2024/LSGD തീയതി,തിരുവനന്തപുരം, 06-09-2024

പരാമർശം:-
1. 27/01/2022 ലെ സ.ഉ.(സാധാ) നം.192/2022/തസ്വഭവ.
2. 24/03/2022 ലെ സ.ഉ.(സാധാ) നം .740/2022/തസ്വഭവ
3. ബഹു. കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 24/07/2024 ൽ നടന്ന യോഗത്തിലെ നിർദ്ദേശം .

**ഉത്തരവ്**

ബഹു. കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെയുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിവിധ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കുടിശ്ശിക ഖണ്ഡികകൾ തീർപ്പാക്കുന്നതിനായി സർക്കാർതലത്തിലുള്ള ഒരു സ്റ്റീറിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രാഥമിക പരിശോധന നടത്തി പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയോടെ നടപടി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബഹു. നിയമസഭാ സമിതി നിർദ്ദേശിച്ചിരിക്കുകയാണ്. ഓഡിറ്റ് പരാമർശങ്ങൾ/ നിരീക്ഷണങ്ങളിന്മേൽ വ്യക്തമായ നടപടി സ്വീകരിക്കാതെയുള്ള അവ്യക്തമായ റിപ്പോർട്ട് സമർപ്പിച്ച് വിഷയം അനന്തമായി നീളുന്നത് ഒഴിവാക്കാനാണ് ആദ്യഘട്ടത്തിൽ തന്നെ സമഗ്രമായ മറുപടി തയ്യാറാക്കി സമർപ്പിക്കുവാൻ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് വിഷയം പരിശോധിക്കാൻ നിയമസഭാ സമിതി നിർദ്ദേശിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം പരാമർശം 1 പ്രകാരം രൂപീകരിച്ച ഒരു സ്റ്റീറിംഗ് കമ്മിറ്റിയുടെ മാതൃകയിൽ താഴെപറയും പ്രകാരം ഒരു ഉന്നതതല സ്റ്റീറിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
3. അഡീഷണൽ സെക്രട്ടറി, ധനകാര്യ (ഡെവലപ്മെന്റ് ) വകുപ്പ്
4. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ)
5. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ)
6. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ ചുമതലയുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി .

കുടിശ്ശികയായിട്ടുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ പരാമർശങ്ങളും പൂർണ്ണമായും തീർപ്പാക്കുന്നതിന് ബഹു. നിയമസഭാ സമിതി നിർദ്ദേശിച്ച പ്രകാരം രൂപീകരിച്ചതായ മേൽ സ്ക്രീനിംഗ് കമ്മിറ്റി താഴെ പറയും പ്രകാരമുള്ള സമയബന്ധിത നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 മുതലുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ നിയമസഭാ സമിതി നാളിതുവരെ പരിഗണിച്ചിട്ടില്ലാത്തതുമായ ഓഡിറ്റ് ഖണ്ഡികകൾ ആയിരിക്കണം സ്ക്രീനിംഗ് കമ്മിറ്റി പരിശോധിക്കേണ്ടത് .

2. സ്ക്രീനിംഗ് കമ്മിറ്റിയുടെ യോഗം എല്ലാ ജില്ലകളിലും വച്ച് ചേരുന്നതും സമയബന്ധിതമായി കുടിശ്ശിക ഓഡിറ്റ് പരാമർശങ്ങൾ പരിഗണിക്കുന്നതുമാണ്.

3. ഇതിനായുള്ള ഓരോ ജില്ലകളിലുമുള്ള സ്ക്രീനിംഗ് കമ്മിറ്റി യോഗത്തിന്റെ ഷെഡ്യൂൾ സർക്കാർ തയ്യാറാക്കുന്നതും ബന്ധപ്പെട്ടവരെ അറിയിക്കുന്നതുമാണ്.

4. ഓരോ ജില്ലയിലെയും സ്ക്രീനിംഗ് കമ്മിറ്റി യോഗത്തിന്റെ മുന്നോടിയായി വിവിധ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ പ്രസ്തുത ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളുമായി റിവ്യൂ യോഗം നടത്തിയും തൃപ്തികരമായ നടപടി സ്വീകരിച്ചും ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള അന്തിമ നടപടി / ന്യൂനത പരിഹാര റിപ്പോർട്ട് സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ ഹാജരാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

5. സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ട് - ഓഡിറ്റ് നിരീക്ഷണങ്ങളിൽ പരാമർശിക്കപ്പെട്ട ഓരോ വിഷയത്തിലും തൃപ്തികരമായ നടപടി സ്വീകരിച്ച് മതിയായ രേഖകൾ സഹിതമുള്ളത് -ബഹു. നിയമസഭാ സമിതിക്ക് ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കാൻ പരിഗണിക്കുന്നതിനായി സമർപ്പിക്കുന്നതിന് പര്യാപ്തമായിട്ടുള്ളതുമാണെന്ന് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതും അതുവഴി സ്ക്രീനിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സുഗമമാക്കേണ്ടതുമാണ് .

പ്രസ്തുത കമ്മിറ്റിയുടെ കൺവീനർ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ ചുമതലയുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി , കേരള നിയമസഭാ സെക്രട്ടേറിയറ്റ് , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
പ്രിൻസിപ്പൽ ഡയറക്ടർ /ഡയറക്ടർ (റൂറൽ / അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്
അഡീഷണൽ സെക്രട്ടറി, ധനകാര്യ (ഡെവലപ്പ്മെന്റ് ) വകുപ്പ്
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകപ്പ് , തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ , കേരള ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം .
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 06-09-2024 17:28:25
സെക്ഷൻ ഓഫീസർ

പകർപ്പ് : 1.തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിയുടെ സിഎ-യ്ക്ക്
2.സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ ചുമതലയുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ-യ്ക്ക്
3. ധനകാര്യ (ഡെവലപ്മെന്റ് വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ-യ്ക്ക്